

TUESDAY 01/07/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/06/2025

1. നബാർഡ് RIDF -TRANCHE-27 പദ്ധതിയിൽ ഉൾപ്പെടുത്തി കാസർകോട് ജില്ലയിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം ബ്ലോക്കിൽപെട്ട പുത്തിഗെ കൃഷിഭവനായി പണിത സ്മാർട്ട് കൃഷിഭവൻ കെട്ടിടത്തിന്റെ ഉദ്ഘാടനം 11.07.2025 വെള്ളിയാഴ്ച കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിക്കുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് നേര്യമംഗലം ഫാമിൽ നിന്നും തൈകൾ വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240, 9656858850 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

3. പശു വളർത്തൽ ഉപജീവനമായവർക്ക് ഒരു പശു യൂണിറ്റിന് 30,000/- രൂപ, രണ്ട് പശു യൂണിറ്റിന് 60,000/- രൂപ, 5 പശു യൂണിറ്റിന് 1,50,000/- രൂപ വ്യക്തിഗത സബ്സിഡി നിരക്കിൽ ലഭ്യമാണ്. ക്ഷീര വികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷിക്കാം.

4. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന സഹായം – മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിൽ അംഗമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അഞ്ച് വർഷം വരെയുള്ള ടെക്നിക്കൽ ആന്റ് പ്രൊഫഷണൽ കോഴ്സുകൾക്ക് 20 ലക്ഷം വരെയും വിദേശ പഠനത്തിന് 30 ലക്ഷം വരെയും വായ്പ നൽകും. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പദ്ധതി പ്രകാരം നിബന്ധനകളോടേയാണ് വായ്പ അനുവദിക്കുക. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ ക്ലസ്റ്റർ ഓഫീസുമായോ മത്സ്യഫെഡ് കോഴിക്കോട് ജില്ലാ ഓഫീസുമായോ ബന്ധപ്പെടണം. ഫോൺ നമ്പർ 9526041060.

<u>പരിശീലന പരിപാടി</u>

5. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ, ‘ അലങ്കാര മത്സ്യകൃഷി, വളർത്തു മത്സ്യ കൃഷി ’ എന്നീ വിഷയങ്ങളിൽ 6 മാസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 5 പേർക്ക് ആയിരിക്കും ആദ്യത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക . വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസ് സമയത്തിൽ 07.07.2025 ന് മുമ്പായി (10 മണിക്കും 5 മണിക്കും ഇടയിൽ)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബന്ധപ്പെടുക -ഫോൺ നമ്പർ 0487-2370773, 8547070773

6. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ആഗസ്റ്റ് 07-ന് കോഴ്സ് ആരംഭിക്കും. റബ്ബറുത്പന്ന നിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മാ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0481-2353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ training@mbberboard.org.in

## 7. കാർഷിക നിർദേശം

### തെങ്ങിനെ ബാധിക്കുന്ന കുമിൾരോഗങ്ങൾ

ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാംവീതം വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് നല്ലതാണ്. ഈ രോഗത്തിന്റെ നിയന്ത്രണത്തിനായി കറ ഒലിക്കുന്ന ഭാഗത്തെ തൊലിചെത്തി മാറ്റി ഉരുക്കിയടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റുവീഴ്ച്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കൂമ്പു ചീയൽ രോഗവും സാധാരണകാണാറുണ്ട് കൂമ്പുചീയൽ രോഗത്തിന്റെ നിയന്ത്രണത്തിനായി നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുകയും പിന്നീട്ബോർഡോ കുഴമ്പ് പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട് മൂടിവയ്ക്കുകയുംചെയ്യുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തെങ്ങോലകളിൽ തളിച്ചുകൊടുക്കുകയുംവേണം. തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണത്തിന് പ്രതിരോധ നടപടിയായി ഇമിഡോക്ലോപ്രിഡ് മില്ലി ഒരുലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ചുകൊടുക്കുക.